# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 673 — 09/02/2016-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ ഭൂരഹിതർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ :<br>" ഐ.സി. ബാലകൃഷ്ണൻ :<br>" വർക്കല കഹാർ :<br>" പി.എ. മാധവൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | പട്ടികവർഗ്ഗ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ അധികരിക്കാതെയും ഉള്ള ഭൂമി, പരമാവധി 10 ലക്ഷം രൂപ വരെ ചെലവഴിച്ച് വിലക്കുവാങ്ങി നൽകുന്ന 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി വഴി നടപ്പിലാക്കുന്നു. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) | ടി പദ്ധതിയിലൂടെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ സ്ഥലം ലഭ്യമാക്കുക. അടിസ്ഥാന സൗകര്യം ലഭ്യമല്ലാത്ത ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ പ്രദേശത്ത് അധിവസിപ്പിക്കുക വഴി അവരുടെ സമഗ്ര വികസനത്തിന് വഴിയൊരുക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ടി പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. |
| സി) | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | സി) | പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2015 ഡിസംബർ 31 വരെ ഭൂരഹിതരായ 524 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 184.901 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ